STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.383/PR/SPMC/PHQ/2026 Date: 30.08.2026

# പത്രക്കുറിപ്പ്

## സംസ്ഥാന പോലീസ് മേധാവിയുടെ

## ഓൺലൈൻ അദാലത്ത് സെപ്റ്റംബർ 14ന്

സർവ്വീസിൽ ഉള്ളവരും വിരമിച്ചവരുമായ പോലീസ് ഉദ്യോഗസ്ഥരുടെ പരാതികളിൽ പരിഹാരം കാണുന്നതിന് സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ ഓൺലൈൻ അദാലത്ത് നടത്തുന്നു.

'എസ്പിസി ടോക് വിത്ത് കോപ്സ് ' (SPC Talks with Cops) എന്ന് പേരിട്ടിരിക്കുന്ന പരിപാടി സെപ്റ്റംബർ 14ന് നടക്കും.

കൊച്ചി സിറ്റി & എറണാകുളം റൂറൽ എന്നീ ജില്ലകളിലെ പോലീസ് ഉദ്യോഗസ്ഥരുടെയും ഈ യൂണിറ്റുകളിൽ നിന്നും വിരമിച്ച പോലീസ് ഉദ്യോഗസ്ഥരുടെയും പരാതികളാണ് ഇത്തവണ പരിഗണിക്കുന്നത്. സംസ്ഥാന പോലീസ് മേധാവി തന്നെ പരാതി കേൾക്കുകയും പരിഹാരം നിർദേശിക്കുകയും ചെയ്യും.

പോലീസ് ഉദ്യോഗസ്ഥർക്ക് മേലധികാരി മുഖേന അല്ലാതെ നേരിട്ടുതന്നെ പരാതി നൽകാമെന്നതാണ് പരിപാടിയുടെ സവിശേഷത.

പരാതികളുള്ളവർ spctalks.pol@kerala.gov.in എന്ന ഇമെയിൽ വിലാസത്തിൽ അയയ്ക്കണം. പരാതിയിൽ മൊബൈൽ നമ്പർ ഉൾപ്പെടുത്തണം. പരാതികൾ അയക്കേണ്ട അവസാന തീയതി സെപ്റ്റംബർ മൂന്ന്.

സംശയങ്ങൾക്ക് 9497900243 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****************************